# കേരള സർവകലാശാല

നം.പി.ആർ.179/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷകൾ മാറ്റിവച്ചു

ആഗസ്റ്റ് 7 ന് നടത്താനിരുന്ന ആറാം സെമസ്റ്റർ ബി.എച്ച്.എം.സി.റ്റി (2006 സ്കീം) (ബി.എച്ച്.എം ഹോട്ടൽ അക്കൗണ്ടിംഗ്), രണ്ടാം വർഷ ബി.എസ്.സി (ആന്വൽ സ്കീം – മേഴ്സി ചാൻസ്) (കെമിസ്ട്രി പേപ്പർ I – പ്രിൻസിപ്പിൾസ് ഓഫ് കെമിസ്ട്രി) ഡിഗ്രി പരീക്ഷകൾ ആഗസ്റ്റ് 13 ലേക്ക് മാറ്റിയിരിക്കുന്നു.

ഒന്നാം വർഷ വിദൂര വിദ്യാഭ്യാസം ബി.എ/ബി.എസ്.സി (2017 അഡ്മിഷൻ) (ഫൗണ്ടേഷൻ കോഴ്സ് I – റൈറ്റിംങ്സ് ഓൺ കണ്ടംപററി ഇഷ്യൂസ്), ഒന്നാം വർഷ ബി.കോം (2017 അഡ്മിഷൻ) (ഫൗണ്ടേഷൻ കോഴ്സ് I – മെത്തഡോളജി ആന്റ് പെർസ്പക്ടീവ്സ് ഓഫ് ബിസിനസ്സ് എഡ്യൂക്കേഷൻ) ഡിഗ്രി പരീക്ഷകൾ സെപ്റ്റംബർ 13 ലേക്ക് മാറ്റിയിരിക്കുന്നു. പരീക്ഷാകേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### കോഴ്സ് പ്രവേശനം

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെ അംഗീകാരത്തോടെ കാട്ടാക്കട ക്രിസ്ത്യൻ കോളേജിൽ 2018 ആഗസ്റ്റ് മുതൽ ആറുമാസം ദൈർഘ്യമുള്ള സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (സി.എൽ.ഐ.എസ്.സി) കോഴ്സിനും ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ) കോഴ്സിനും അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത: പ്ലസ്ടു. പ്രായപരിധിയില്ല. അപേക്ഷാഫോം 100 രൂപയ്ക്ക് കോളേജിൽ നിന്ന് ലഭിക്കും. പൂരിപ്പിച്ച അപേക്ഷ കോളേജ് ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി ആഗസ്റ്റ് 20 തിങ്കൾ 3 pm. അടിസ്ഥാനയോഗ്യതയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലാണ് പ്രവേശനം. കൂടുതൽ വിവരങ്ങൾ 0471 2290243, 0471 2290357 എന്നീ നമ്പറിൽ ലഭ്യമാണ്.

തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം കാഞ്ഞിരംകുളം കെ.എൻ.എം. ഗവ:ആർട്സ് ആന്റ് സയൻസ് കോളേജിൽ ആഗസ്റ്റ് മാസം ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (CLISc - 6 മാസം) കോഴ്സിന്റെ അപേക്ഷാഫോം കോളേജിലെ കണ്ടിന്യൂയിംഗ് എഡ്യുക്കേഷൻ ഓഫീസിൽ വിതരണം തുടരുന്നു. യോഗ്യത: പ്ലസ്ടു ക്ലാസ്: ശനി, ഞായർ ദിവസങ്ങളിൽ 10 am മുതൽ 4 pm വരെ. മറ്റ് കോഴ്സുകൾ പഠിക്കുന്നവർക്കും ജോലി ഉള്ളവർക്കും അപേക്ഷിക്കാം. അപേക്ഷകൾ ആഗസ്റ്റ് 10 വെള്ളിയാഴ്ച 5 pm വരെ കോളേജിൽ സ്വീകരിക്കും.

### മാർക്ക് ലിസ്റ്റ്

വിദൂര വിദ്യാഭ്യാസ വിഭാഗം ഏപ്രിൽ മാസം നടത്തിയ മൂന്നാം സെമസ്റ്റർ എം.ബി.എ സപ്ലിമെന്ററി ഡിഗ്രി പരീക്ഷയുടെയും മേയ് മാസം നടത്തിയ ഒന്നാം സെമസ്റ്റർ എം.ബി.എ സപ്ലിമെന്ററി ഡിഗ്രി പരീക്ഷയുടെയും മാർക്ക് ലിസ്റ്റ് അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ നിന്ന് കൈപ്പറ്റേണ്ടതാണ്.

## തുല്യതാ സർട്ടിഫിക്കറ്റ്

വിദൂര വിദ്യാഭ്യാസത്തിലൂടെ മറ്റു സർവകലാശാലകൾ നൽകുന്ന ബിരുദങ്ങൾക്കുള്ള കേരള സർവകലാശാലയുടെ അംഗീകാരം 2017–2018 അഡ്മിഷൻ മുതൽ, കേരള സർവകലാശാല നിഷ്കർഷിക്കുന്ന യോഗ്യതക്കും, യു.ജി.സിയുടെ വിദൂര വിദ്യാഭ്യാസ കൗൺസിലിന്റെ നിർദ്ദേശങ്ങൾക്കും അനുസരിച്ചായിരിക്കും. അല്ലാത്ത പക്ഷം നിലവിലുള്ള അംഗീകാരത്തിന് സാധുത ഉണ്ടായിരിക്കുന്നതുമല്ല. തത്തുല്യ യോഗ്യതയായി അംഗീകരിച്ചുകൊണ്ടുള്ള എലിജിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതുമല്ല.

## ജി.കാർത്തികേയൻ മെമ്മോറിയൽ അവാർഡ്

2016–17, 2017–18 അദ്ധ്യയന വർഷങ്ങളിലേക്കുള്ള ഏറ്റവും നല്ല കോളേജ് യൂണിയന് നൽകുന്ന ജി.കാർത്തികേയൻ മെമ്മോറിയൽ അവാർഡിനായുള്ള അപേക്ഷ ക്ഷണിച്ചിരിക്കുന്നു. പ്രസ്തുത വർഷങ്ങളിലെ കോളേജ് യൂണിയനുകളുടെ പ്രവർത്തനങ്ങൾ വിശദമാക്കുന്ന ആധികാരിക രേഖകൾ (ഫോട്ടോകൾ, വീഡിയോ/സി.ഡി/മീഡിയ ക്ലിപ്പിംങ്ങ്സ്/വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും അഭിപ്രായങ്ങളും പ്രതികരണങ്ങളും) അതാത് കോളേജ് പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തി, 2018 സെപ്റ്റംബർ 5 ാം തീയതിക്കകം താഴെ പറയുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ദ ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് സ്റ്റുഡന്റ്സ് സർവ്വീസസ്, യൂണിവേഴ്സിറ്റി ഓഫ് കേരള, പി.എം.ജി ജംഗ്ഷൻ, തിരുവനന്തപുരം – 695033 Email.dsskeralauty@gmail.com. അവാർഡ് നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങളും അനുബന്ധ വിവരങ്ങളും അതാത് കോളേജിന്റെ ഇ മെയിലിൽ ലഭ്യമാണ്.
(പ്രത്യേക കുറിപ്പ്: തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എഡിഷനുകളിൽ പ്രസിദ്ധീകരിക്കാൻ)

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2018 - പുതിയ കോഴ്സുകൾ അനുവദിച്ചു.

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെൻറ് കോളേജുകളിൽ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് പുതിയ കോഴ്സുകൾ അനുവദിച്ചിരിക്കുന്നു. ഗവ.കോളേജ്, ആറ്റിങ്ങൽ - എം.എ. ഇംഗ്ലീഷ് (15 സീറ്റ്), ഗവ. ആർട്ട്സ് & സയൻസ് കോളേജ് അമ്പലപ്പുഴ - എം.എ. ഇംഗ്ലീഷ് (20 സീറ്റ്), എം.കോം. ഫിനാൻസ് (20 സീറ്റ്), കെ.എൻ.എം.ഗവ.ആർട്ട്സ് & സയൻസ് കോളേജ്, കാഞ്ഞിരംകുളം - എം.കോം. ഫിനാൻസ് (20 സീറ്റ്). താല്പര്യമുള്ള വിദ്യാർഥികൾക്ക് ഓൺലൈനായി അപേക്ഷിക്കാവുന്നതാണ് (http://admissions.keralauniversity.ac.in). അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 13.08.2018 ആണ്. നിലവിൽ അപേക്ഷ സമർപ്പിച്ചു കഴിഞ്ഞ വിദ്യാർഥികൾക്ക് ഓപ്ഷനായി ഈ കോളേജും കോഴ്സും ചേർക്കാവുന്നതാണ്. സർവ്വകലാശാലയിലേക്ക് അപേക്ഷ അയക്കേണ്ടതില്ല.
പ്രത്യേക കുറിപ്പ് : എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്.

## ഒന്നാം വർഷ ബിരുദ പ്രവേശനം 2018
## കോളേജ് തല സ്പോട്ട് അഡ്മിഷൻ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തി. പ്രവേശനത്തിന് 09.08.2018 രാവിലെ 10 മണിക്ക് കോളേജിൽ ഹാജരാകണം.

കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെൻറ് /എയ്ഡഡ് കോളേജുകളിൽ ഒന്നാം വർഷ ബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് 06.08.2018 ന് നടന്ന സ്പോട്ട് അഡ്മിഷന്റെ റാങ്ക് പട്ടിക പ്രസിദ്ധപ്പെടുത്തി. റാങ്ക് പട്ടിക വെബ് സൈറ്റിൽ ലഭ്യമാണ്. കോളേജിൽ

മുൻപ് പ്രവേശനം നേടിയിട്ടുള്ള വിദ്യാർഥികൾക്ക് അതേ കോളേജിൽ മറ്റ് കോഴ്സുകളിലേക്ക് അർഹതക്ക് അനുസരിച്ച് പ്രവേശനം നേടാവുന്നതാണ്. 07.08.2018, 08.08.2018 എന്നീ തീയതികളിൽ പ്രവേശനമില്ല. വിദ്യാർത്ഥികൾക്ക് T.C., മറ്റ് അനുബന്ധ സർട്ടിഫിക്കറ്റുകൾ മുതലായവ തയ്യാറാക്കി വെക്കുന്നതിനുള്ള സമയമാണ്. 09.08.2018, 10.08.2018 എന്നീ തീയതികളിൽ കോളേജുകളിൽ പ്രവേശനം നടക്കും. 09.08.2018 ന് രാവിലെ 10.00 മണിക്ക് തന്നെ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥി പ്രസ്തുത കോളേജിൽ ഹാജരായിരിക്കണം. അന്നേ ദിവസം ഉച്ചയ്ക്ക് രണ്ടു മണിക്ക് മുൻപ് പ്രവേശനത്തിന് അർഹതയുണ്ടെങ്കിൽ വിദ്യാർത്ഥി പ്രവേശനം നേടിയിരിക്കണം. ഈ സമയ പരിധി കൃത്യമായി പാലിക്കേണ്ടതാണ്. അല്ലാത്ത പക്ഷം റാങ്ക് പട്ടികയിൽ താഴെയുള്ളവരെ പരിഗണിക്കുന്നതായിരിക്കും.

ആഗസ്റ്റ് 6 -)o തീയതി ഹാജരായി രജിസ്ട്രേഷൻ നടത്തി റാങ്ക് പട്ടികയിൽ ഇടം നേടിയ എസ്.സി. വിദ്യാർഥികൾ ഉണ്ടെങ്കിൽ അവരെ ഒഴിവുള്ള എസ്.സി. സംവരണ സീറ്റുകളിലേക്ക് പരിഗണിക്കും.

ഏറ്റവും പുതിയ ഒഴിവുകളുടെ വിവരം കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തും. ഒന്നാം വർഷ ബിരുദ പ്രവേശനം 10.08.2018 ന് അവസാനിക്കും.

**തിരുവനന്തപുരം.**
**06.08.2018**

പബ്ലിക് റിലേഷൻസ് ഓഫീസർ